കണ്ണൂർ സർവ്വകലാശാല
KANNUR UNIVERSITY
Accredited By NAAC with 'B++' Grade
Website : www.kannuruniversity.ac.in

General Form of File Acad.A3/394/MISAC/2021-22 Approved by DEPUTY REGISTRAR (ACADEMIC) on 24-Feb-2026 02:21 PM - Page 1

**കണ്ണൂർ സർവ്വകലാശാല**
**(അക്കാദമിക് വിഭാഗം)**

Acad.A3/394/MISAC/2021-22 തിയ്യതി :24.02.2026

**പ്രസിദ്ധീകരണത്തിന്**

2026-2027 അദ്ധ്യയനവർഷത്തിലെ ബിരുദ, ബിരുദാനന്തരബിരുദ പ്രോഗ്രാമുകളുടെ സീറ്റുകളുടെ എണ്ണത്തിൽ "മാർജിനൽ ഇൻക്രീസ്" (അഫിലിയേഷൻ ഉത്തരവിൽ അനുവദിച്ചിട്ടുള്ള സീറ്റുകളുടെ എണ്ണം 2026-27 വർഷത്തേക്ക് താൽക്കാലികമായി വർദ്ധിപ്പിക്കുന്നത്) ആവശ്യമുള്ള കണ്ണൂർ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട് സ് & സയൻസ് കോളേജുകളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു . 2025-26 അക്കാദമിക വർഷം അനുവദനീയമായ സീറ്റിൽ 100% വിദ്യാർത്ഥി പ്രവേശനം നടത്തിയതും , 2024-25 അക്കാദമിക വര് ഷം വരെ അഫിലിയേഷൻ തുടർച്ച ലഭിച്ചതും പ്രോഗ്രാമുകൾ നടത്താൻ ഭൗതിക സാഹചര്യം നിലവിലുള്ളതുമായ കോളേജുകൾക്കാണ് , പ്രോഗ്രാമുകൾ ആരംഭിച്ച് മൂന്ന് വർഷം പൂർത്തിയായ ബിരുദ പ്രോഗ്രാമുകൾക്കും, രണ്ട് വർഷം പൂർത്തിയായ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്കും (സ്റ്റെബിലൈസ് ചെയ്ത കോഴ്സുകൾ), "മാർജിനൽ ഇൻക്രീസ്" അനുവദിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാനാവുക . അപേക്ഷ , പ്രിൻസിപ്പാൾ മുഖാന്തിരം, **2026 മാർച്ച് 12-ന് 5 മണിക്ക്** മുമ്പായി സർവ്വകലാശാലയിൽ ലഭ്യമാക്കാവുന്നതാണ് . പ്രസ്തുത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. കോളേജുകൾക്ക് നൽകിയ 24.2.2026 തീയതിയിലെ സർവകലാശാല സർക്കുലർ പ്രകാരം അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

എയ്ഡഡ് / അൺ-എയ്ഡഡ് കോളേജുകൾ, കോഴ്സ് ഒന്നിന് ₹ 5250/- (അയ്യായിരത്തി ഇരുനൂറ്റമ്പത് രൂപ) വീതം, 'ഫിനാൻസ് ഓഫീസർ, കണ്ണൂർ യൂണിവേഴ്സിറ്റി'-എന്ന പേരിൽ (കണ്ണൂരിൽ മാറാവുന്ന) ഡിമാൻഡ് ഡ്രാഫ്റ്റായോ ,ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ (Finance Officer Kannur University, A/C No.57015176715 SBI, South Bazar, Kannur, IFSC: SBIN0008551) ഫീസടച്ച് അപേക്ഷിക്കേണ്ടതാണ്. ഗവൺമെൻറ്, IHRD കോളേജുകൾ പ്രസ്തുത ഫീസ് അടക്കേണ്ടതില്ല.

24/2/26

DEPUTY REGISTRAR (ACADEMIC)

സ്വീകർത്താവ്

1. പി.ആർ.ഒ (എല്ലാ പത്രങ്ങളിലും പത്രക്കുറിപ്പ് പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
2.വെബ് മാനേജർ
3.അന്വേഷണ വിഭാഗം